മാത്രമേ നിരസിച്ചിട്ടുള്ളു. അവശേഷിക്കുന്ന 1984–85–ൽ കിട്ടിയ 132 അപേക്ഷകളും താമസിക്കാതെ പരിഗണിക്കുന്നതാണ്. അതു പോലെ 80–ൽ പരം അപേക്ഷകരെ നേരിട്ട് വരുത്തി അവർക്ക് പറയാനുള്ളതുകൂടി കേട്ട് ഈ പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾ തെളിയിക്കാനുണ്ടെങ്കിൽ അത് തെളിയിക്കാനുള്ള അവസരവും താമസിക്കാതെ കൊടുക്കുന്നതാണ്:

(9) ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

Sri Stephen Padua: I am thankful to the Council of Minister especially to the Chief Minister, the Minister for Education and the Minister for Finance for having granted scholarships to the poor Anglo-Indian students in the schools. I am satisfied that the Government have appreciated the difficulties and hardship of a poor minority community. The G.O. granting the scholarship is dated 24–7–1985 and its copies are seen to have been sent to all the Educational Officers. But the Headmasters who are to implement these scholarship schemes have neither received the concerned G.O. so far nor any instructions in the matter to award scholarships to the poor eligible Anglo-Indian students. As far as Ernakulam is concerned, on my enquiry I understand that the office people say that they do not seem to have received any G.O. in this direction. I do not know the cases with regard to other educational districts. Thus it seems that the good intentions of the Government stand defeated by the obstructive actions/tactics of a few officers in the department. I would, therefore, request the Minister for Education to take urgent action to see that scholarships are distributed to the poor deserving Anglo-Indian students from this year onwards itself.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം പ്രത്യേകമായിട്ട് അന്വേഷിക്കാം. സർക്കാരിന്റെ ഉത്തരവനുസരിച്ച് കിട്ടുവാൻ അർഹതയുള്ള ആനുകൂല്യം കിട്ടാത്ത സാഹചര്യമുണ്ടെങ്കിൽ അതിനു സത്വരമായിട്ട് നടപടി സ്വീകരിക്കാം. അദ്ദേഹം അത് പ്രത്യേകമായി എവിടെയെല്ലാമാണെന്ന് ചൂണ്ടിക്കാണിച്ചാൽ അതിന് നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

(10) ഖാദിത്തൊഴിലാളികളുടെ വേതനം

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഖാദി തൊഴിലാളികളുടെ കദനകഥയാണ് എനിക്ക് പറയാനുള്ളത്. ഖദറിട്ട കോൺഗ്രസ്സ് ഭരിക്കുന്ന കേരളത്തിൽ രണ്ടു ലക്ഷത്തോളം ഖാദി നൂൽപ്പു നെയ്ത്തു തൊഴിലാളികൾ കൊടുംപട്ടിണിയിലാണ്. തൊഴിലില്ലായ്മവേതനം പോലും 50 രൂപ ലഭിക്കുമ്പോൾ ഗാന്ധിയൻ ആദർശം പ്രാവർത്തികമാക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന ഈ തൊഴിലാളികൾക്ക് പ്രതിമാസം 50 രൂപ മുതൽ 90 രൂപവരെ മാത്രമാണ് ലഭിക്കുന്നത്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെ ഈ വിധത്തിൽ അപമാനിക്കരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഖാദി തൊഴിലാളികളെ

LIBRARY ARCHIVES Kerala Legislative Assembly